**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3208** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും 3 കോടി രൂപ പുതിയ കെട്ടിടം നിർമ്മിക്കാൻ ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് അനുവദിച്ചിരുന്നുവെങ്കിലും ഇതിന്റെ ഡി.പി.ആർ. ഇതുവരെ ചുമതലപ്പെടുത്തിയ ഏജൻസി പൂർത്തീകരിച്ച് നൽകാത്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 -ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാന ത്തിൽ 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി യായി ഇൻകലിനെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ, കൊയിലാണ്ടി ടി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത സ്കൂളിന്റെ ഡി.പി.ആറും തയ്യാറാക്കിയിരുന്നു. എന്നാൽ കാലതാമസം നേരിടുന്നത് മനസിലാക്കി എസ്.പി.വിയായ ഇൻകെലിനെ മാറ്റി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് മാപ്പിള വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഡി.പി.ആർ ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | ഡി.പി.ആർ. തയ്യാറാക്കുന്നത് വേഗത്തിലാക്കി നിർമ്മാണം ആരംഭിക്കുന്നതിനായി വകുപ്പ് നിർദ്ദേശം നൽകുമോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം പരിഹരിക്കുന്നതിന് എസ്.പി.വികളുടെ പ്രതിനിധികളേയും, കിഫ്ബിയുടെ പ്രതിനിധിയേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം ചേർന്ന് നിർമ്മാണത്തിന്റെ തടസ്സങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ പരിഹാരം കാണുന്നതിനായി തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ